ഭരണഭാഷ – മാതൃഭാഷ

**നം.1337/2022/F2-Try**

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 06/04/2022

പ്രേഷകൻ

ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: ട്രഷറി സേവിങ്സ് ബാങ്ക്-റിസംപ്ഷൻ 2021-'22- ടി.പി. അക്കൗണ്ടുകളിൽ നിന്നും നീക്കിയിരിപ്പുള്ള തുക റെസ്യൂം ചെയ്യുന്നതും അക്കൗണ്ട് മരവിപ്പിക്കുന്നതും-സംബന്ധിച്ച്.

സൂചന :
1. സർക്കാരിന്റെ 02/04/2022-ലെ ഇ 2027584 എസ്.എൽ.3/47/2022 ധന. നമ്പർ കത്ത്.
2. ഈ ഓഫീസിലെ 04/04/2022 തീയതിയിലെ ഇതേ നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു . 2021-'22 സാമ്പത്തിക വർഷാവസാനം നിലവിലുള്ള എല്ലാ TP അക്കൗണ്ടുകളിൽ നിന്നും (**CMDRF 701010200000080 ഒഴികെ)** മുഴുവൻ തുകയും റിസംപ്ഷൻ നടത്താനാണ് സർക്കാർ നിർദ്ദേശിച്ചിരുന്നത്. എന്നാൽ, 31/03/2022-ന് ടി അക്കൗണ്ടുകളിലെ നീക്കിയിരുപ്പ് തുക മുഴുവനായും റെസ്യൂം ചെയ്യുവാൻ കഴിഞ്ഞിട്ടില്ലായെങ്കിൽ ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർ ഇത് സംബന്ധിച്ച് വിശദീകരണം ധനകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിക്ക് (മെയിൽ ഐ.ഡി. financestreamling@kerala.gov.in) സമർപ്പിക്കുവാൻ സൂചന 1 പ്രകാരം സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു.

നിലവിലുള്ള ടി.പി.അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് ടി.എസ്.ബി./എസ്.ടി.എസ്.ബി അക്കൗണ്ടുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി ടി അക്കൗണ്ടുകളുടെ സ്റ്റാറ്റസ് "Stop Payment" എന്നാക്കി മാറ്റുവാൻ സൂചന 2 പ്രകാരം നിർദ്ദേശിച്ചിരുന്നു. ഇത് സംബന്ധിച്ചുള്ള തുടർനിർദ്ദേശത്തിന്റെ ഭാഗമായി നിലവിലുള്ള ടി.പി. അക്കൗണ്ടുകളിലെ (CMDRF Account 701010200000080 ഒഴികെ) നീക്കിയിരുപ്പ് തുക മുഴുവനായും റെസ്യൂം ചെയ്ത് 2075-00-911-94 ശീർഷകത്തിലേക്ക് ഒടുക്കേണ്ടതും പ്രസ്തുത അക്കൗണ്ടുകളുടെ കൺഫേംമേഷൻ "NO" ആക്കി മാറ്റേണ്ടതുമാണ്. ആയതിലേക്ക് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ ട്രഷറി ഓഫീസർമാർ പാലിക്കേണ്ടതാണ്.

1. നിലവിൽ നീക്കിയിരിപ്പുള്ള എല്ലാ ടി.പി. അക്കൗണ്ടുകളുടെയും (CMDRF Account 701010200000080 ഒഴികെ) അവശേഷിക്കുന്ന തുക withdrawal slip ഉപയോഗിച്ച് പിൻവലിച്ച് 2075-00-911-94 എന്ന ശീർഷകത്തിലേക്കു ഒടുക്കേണ്ടതാണ്. പ്രസ്തുത അക്കൗണ്ടുകളുടെ മാസ്റ്റർ കൺഫർമേഷൻ "NO" ആക്കി ഇടപാടുകൾ പൂർണ്ണമായും അവസാനിപ്പിക്കേണ്ടതുമാണ്.
2. 31/03/2022-ന് ടി.പി. അക്കൗണ്ടുകളിൽ നീക്കിയിരുപ്പ് ഉണ്ടായിരുന്നിട്ടും പ്രസ്തുത അക്കൗണ്ടുകളിൽ നിന്നും തുക റെസ്യൂം ചെയ്യാത്തതിന്റെ വിശദീകരണം

ബന്ധപ്പെട്ട ജില്ലാ ട്രഷറി ഓഫീസർമാർ രണ്ട് ദിവസത്തിനകം ധനകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ് . ആയതിന്റെ പകർപ്പ് ഈ ഓഫീസിലേക്കും ലഭ്യമാക്കേണ്ടതാണ്.

3. ടി.പി. അക്കൗണ്ടിലേക്ക് കളക്ഷൻ നടത്തുവാനായി ബാങ്കിൽ സമർപ്പിച്ചിട്ടുള്ള ചെക്കുകൾ കളക്ഷനായിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. കൂടാതെ, ഈ നിർദ്ദേശം ലഭിച്ചതിനുശേഷം ടി.പി.അക്കൗണ്ടുകളിലേക്കുള്ള കളക്ഷൻ ചെക്കുകൾ സ്വീകരിക്കുവാൻ പാടുള്ളതല്ല.
4. മേൽ നിർദ്ദേശ പ്രകാരമുള്ള റിസംപ്ഷൻ നടപടികൾ ഇന്ന് തന്നെ (06/04/2022-ന്) പൂർത്തീകരിക്കേണ്ടതും പ്രസ്തുത ടി.പി.അക്കൗണ്ടുകളുടെ വിവരങ്ങൾ സബ് ട്രഷറികളിൽ നിന്നുള്ളത് കൂടി ശേഖരിച്ച് ചുവടെ ചേർത്തിരിക്കുന്ന മാതൃകയിൽ എക്സൽ ഷീറ്റിൽ cru.fsec.treasury @keraka.gov.in എന്ന മെയിൽ ഐ.ഡി-യിൽ ജില്ലാ ട്രഷറി ഓഫീസർമാർ 07/04/2022-ന് 5 pm മുൻപായി ലഭ്യമാക്കേണ്ടതാണ്.

PROFORMA

| SL.No | Institution Name | Account No | Balance Before Resumption | Amount resumed | Balance after Resumption | H/A | Remarks |
|---|---|---|---|---|---|---|---|
| | | | | | | | |

വിശ്വസ്തതയോടെ

**V SAJAN**
**DIRECTOR ( I/C )**

അംഗീകാരത്തോടുകൂടി
സീനിയർ സൂപ്രണ്ട്

Signature Not Verified
Digitally signed by GIRIKUMAR S
Date: 2022.04.06 13:14:47 IST
Reason: Approved

Directorate of Treasuries, Krishna buildings, Thycaud.P.O, Thiruvananthapuram, Kerala 695014
www.treasury.kerala.gov.in, Email:keralatreasury@gmail.com
Ph: 0471-2323963,2322712 , FAX:0471-2324229